HON'BLE MR. C. KESAVAN : തൊഴിലാളികളുടെ ആവശ്യകതകൾ തിരുവിതാംകൂറിനു മാത്രമല്ല, ലോകത്തെയൊട്ടാകെ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്. പരിഹരിക്കത്തക്ക ആവശ്യകതകൾ ആണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ ഗവണ്മെൻറ് ശുപാർശ ചെയ്യുന്നതായിരിക്കും.

MR. A. K. PATCHU PILLAI (*Peermade—General*) : തൊഴിലാളികളുടെ ഇടയിൽ അസംതൃപ്തി ഇല്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു ?

HON'BLE MR. C. KESAVAN : അസംതൃപ്തി ഉണ്ടെന്നറിയാം. അതിനെപ്പറ്റി ഇൻഡസ്ട്രിയൽ റിലേഷൻസ് സബ്കമ്മിറ്റി വേണ്ട അന്വേഷണം നടത്തിവരികയും ചെയ്യുകയാണ്.

MR. A. K. PATCHU PILLAI : തൊഴിലാളികളുടെ ഇടയിൽ ഉണ്ടാകുന്ന സൈരക്കുറവിനെ അന്വേഷിക്കുന്നതിനായിട്ട് അന്യോഗസ്ഥന്മാരുടെ ഒരു കമ്മിറ്റി കൂടി വേണമെന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടില്ലേ?

HON'BLE MR. C. KESAVAN : അങ്ങനെ ഗവണ്മെൻറിനു ബോദ്ധ്യമായിട്ടില്ല.

MR. A. K. PATCHU PILLAI : അങ്ങനെ ഗവണ്മെൻറിനു ബോദ്ധ്യം ഉണ്ടാകുന്നപക്ഷം ഒരു കമ്മിറ്റിയെ നിയമിക്കുന്നതിൽ വല്ല വൈമനസ്യവുമുണ്ടോ?

HON'BLE MR. C. KESAVAN : അതു് അപ്പോൾ ആലോചിക്കാം.

Text Book Committee.

103. MR. PAUL THALIAT (*Parur III—General*) ; Will the Honourable Minister for Education be pleased to state :

(*a*) when the Text book Committee now functioning was constituted;

(*b*) the names of the members of the committee ;

(*c*) whether this committee will be re-constituted in the near future ?

HON'BLE MR. T. M. VARGHESE : (എ) നിലവിലിരിക്കുന്ന ഈ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി രൂപീകരിച്ചതു് ഫസ്റ്റ് ജൂൺ ആണ്. (ബി) കമ്മിറ്റി അംഗങ്ങളുടെ പേരുകൾ ഡയറക്ടറിയിൽ നോക്കിയാൽ കാണാവുന്നതാണ്. എങ്കിലും അവരുടെ പേരുകൾ ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

എക്സ് ഒഫിഷ്യോ മെമ്പറന്മാർ.

ക. ഡയറക്ടർ
ഖ. പേഴ്സനൽ അസിസ്റ്റന്റ്.
ഗ. ഇൻസ്പെക്ടസ്സ് (തിരുവനന്തപുരം, കോട്ടയം)
ഘ. ഡിവിഷൻ ഇൻസ്പെക്ടറന്മാർ (തിരുവനന്തപുരം, കൊല്ലം തിരുവല്ലാ, മൂവാറ്റുപുഴ)
ങ. ഫാക്കൽട്ടി ഡീൻ (ആർട്ട്സ്)
ച. ഫാക്കൽട്ടി ഡീൻ (ഫൈൻ ആർട്ട്സ്)
ഛ. മഹാരാജാസ് കോളേജ് പ്രിൻസിപ്പാൾ
ജ. ഇൻസ്പെക്ടർ (മുസ്ലീം എഡ്യൂക്കേഷൻ)

സാധാരണമെമ്പറന്മാർ.

മെസ്സേഴ്സ്:— എം. ഗോവിന്ദൻ
കെ. ജി. നാരായണപ്പണിക്കർ
എം. എൻ. സത്യനേശൻ,
ഷാഹുൽഹമീദ്
ബി. എ. രാമസ്വാമിശാസ്ത്രി
ടി. ടി. കേശവൻ ശാസ്ത്രി
ജേക്കബ് പുന്നൻ
മിസ്സ്. മാർട്ടിൻ
കെ. പി. കൃഷ്ണമേനോൻ
എൻ. ഗോപാലപിള്ള
സി. വി. കുഞ്ഞുരാമൻ
ഡാക്ടർ കെ. ഗോദവർമ്മ
വി. നാരായണകുമ്മത്തു്
എ. ചുമ്മാർ
കൈനിക്കര എം. കുമാരപിള്ള
വി. സുന്ദരരാജനായിഡു
എം. രാഘവ അയ്യങ്കാർ
പി. എൻ. കുഞ്ഞൻപിള്ള
എ. കെ. ഗോവിന്ദൻ
ശ്രീമതി ലളിതാംബിക അന്തർജ്ജനം

LIBRARY ARCHIVES Kerala Legislative Assembly

(സി) വീണ്ടും അംഗങ്ങളെ ചേർത്തു് കമ്മിറ്റി പുതുക്കുന്നതാണു്.

MR. P. T. CHACKO: ഈ സഭയിലെ ഏതോ മെമ്പറന്മാർ കടകു് സ്റ്റാമ്പുക്ക കമ്മിറ്റി സംബന്ധിച്ചു് കോഴവാങ്ങിയ വിവരം പത്രത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതും ആ വിവരം കഴിഞ്ഞ സമ്മേളനത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും ആണല്ലോ. എന്നാൽ അതിനെപ്പറ്റി ഗവണ്മെൻറു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്നതായിട്ടറിയാം. എന്നാൽ ആ സംഗതിയെപ്പറ്റി ഗവണ്മെൻറിന നടപടി നടത്തണമെന്നില്ല.

MR. P. T. CHACKO : ആ പത്ര പ്രസ്താവനയെപ്പറ്റി ഈ സഭയിലെ മെമ്പറന്മാർക്കെല്ലാം അറിവുള്ളതാണെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കു് തോന്നിയിട്ടില്ലേ?

HON'BLE MR. T. M. VARGHESE : എല്ലാവക്കും അറിവുണ്ടായിരിക്കാം.

MR. P. T. CHACKO : എല്ലാ മെമ്പറന്മാക്കും അറിവുള്ള സ്ഥിതിക്കു് അതിന്റെ സൂക്ഷ്മാവസ്ഥയെ ഗ്രഹിക്കുന്നതിനുവേണ്ടി ഗവണ്മെൻറു് എന്തെങ്കിലും സ്റ്റെപ്പു് എടുക്കേണ്ടതല്ലേ?

HON'BLE MR. T. M. VARGHESE : ആ സംഗതിയെപ്പറ്റി എന്തെങ്കിലും നടപടി നടത്തണമോ വേണ്ടയോ എന്നുള്ള കാര്യം ഗവണ്മെൻറിന്റെ അലോചനയ്ക്കു് വിഷയമായിട്ടില്ല.

Eviction of Verumpattam Kudiyans.

104. MR. PAUL THALIAT: Will the Honourable Minister for Lands be pleased to state;

(*a*) whether he is aware that many jenmies in the Northern Taluks of the state are resorting to urgent steps to evict Verumpattam Kudiyans from their holdings; and

(*b*) if the answer to part (*a*) is in the affirmative will the Government be pleased to take necessary steps immediately to stop all kinds of eviction proceedings?

HON'BLE MR. C. KESAVAN:

(*a*) No.

(*b*) Does not arise in veiw of the answer to part (a)

MR. PAUL THALIAT : വടക്കൻ താലൂക്കുകളിൽ നിന്നും കുടിയിറക്കുന്നതിനെ സംബന്ധിച്ചുള്ള പരാതികളെപ്പറ്റി ധാരാളം ഹർജികൾ ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly